പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. *363 | 19.10.2016 ന് മറുപടിയ്ക്ക്.

# തൊഴിൽ നൈപുണ്യ രംഗത്ത് സമഗ്രവികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. കെ.സി.ജോസഫ് :<br>ശ്രീ. പി.ടി. തോമസ് :<br>ശ്രീ. റോജി എം. ജോൺ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ നൈപുണ്യ രംഗത്ത് സമഗ്രവികസനത്തിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) വിവിധ മേഖലയിൽ തൊഴിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (Kerala Academy for Skills Excellence)) സ്ഥാപിതമായി. പ്രസ്തുത സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ താഴെപ്പറയുന്ന നൈപുണ്യവികസന കേന്ദ്രങ്ങളും തുടങ്ങിയിട്ടുണ്ട്.<br>I സെന്റർ ഓഫ് എക്സലൻസ്<br>1. NICE (നെസ്റ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്)<br>2. CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി)<br>3. ESPOIR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്)<br>4. CRETT (സെന്റർ ഫോർ റിസേർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്)<br>5. CEED (സെന്റർ ഫോർ എക്സലൻസ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ്)<br><br>II ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)<br>കൺസ്ട്രക്ഷൻ മേഖലയിൽ അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ Indian Institute of Infrastructure and Construction (IIIC)- ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. IIIC ൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആൻഡ് മാനേജ്മെന്റ് കോഴ്സുകളും മേസണറി, കാർപെന്ററി, പ്ലംബിംഗ്, ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർവൈസർ, സൈറ്റ് മാനേജർ എന്നീ |

വ്യത്യസ്ത മേഖലകളിൽ നൈപുണ്യ വികസന ത്തിനുതകുന്ന കോഴ്സുകളും ലഭ്യമാക്കുവാൻ ആലോചിക്കുന്നു.

III കൗശൽകേന്ദ്രകൾ

നൈപുണ്യ വികാസത്തിനും വ്യക്തിത്വ വികസനത്തിനും തൊഴിൽ നേടുന്നതിനും വേണ്ടിയുള്ള സ്ഥാപനമാണ് കൗശൽ കേന്ദ്ര. സ്കൂൾ കോളേജ് തലത്തിലുള്ള വിദ്യാർഥികളുടെ തൊഴിൽ അഭിരുചി മനസ്സിലാക്കി അവർക്ക് ഉചിതമായ മാർഗനിർദേശങ്ങൾ നൽകുന്നതിനുള്ള അസ്സെസ്സ്മെന്റ് ആൻഡ് കരിയർ ഗൈഡൻസ് സെല്ലായി കൗശൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

IV എംപ്ലോയബിലിറ്റി സെന്ററുകൾ

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റി നൈപുണ്യ വികസന പദ്ധതി നടത്തിവരുന്നു. ഇത് പ്രകാരം എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയും, കഴിവും, അഭിരുചിയും മനസ്സിലാക്കി കുറവുകൾ പരിഹരിക്കുന്നതിന് ആവശ്യമായ തരത്തിലുള്ള പരിശീലനങ്ങൾ നൽകി തൊഴിലിന് പ്രാപ്തരാക്കുകയും, എംപ്ലോയബിലിറ്റി സെന്ററിനകത്തും, പുറത്തുമായി ചെറുതും, വലുതുമായ തൊഴിൽമേളകൾ സംഘടിപ്പിച്ച് സ്വകാര്യമേഖലയിൽ തൊഴിൽ നേടിയെടുക്കുവാൻ അവരെ സഹായിക്കുകയും ചെയ്യുന്നു.

V കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)

ഡിസൈൻ രംഗത്ത് ഊർജ്ജസ്വലരായ ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിനു വേണ്ടിയാണ് കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ സ്ഥാപിച്ചത്. കരകൗശല വിഭാഗങ്ങൾ, പ്രഫഷണൽ ഡിസൈനർമാർ, പൊതുജനങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടെയാണ് ഇതു രൂപകൽപ്പന ചെയ്തത്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (NID, AHMEDABAD) – ന്റെ സഹായത്തോടെയാണ് ഇതു

ആരംഭിച്ചത്. ഡിസൈൻ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കലാണ് KSID –യുടെ പ്രാഥമിക ലക്ഷ്യം. ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ ആന്റ് അപ്പാരൽ ഡിസൈൻ, ഐ.ടി. ഇന്റഗ്രേറ്റഡ് കമ്മ്യൂണിക്കേഷൻ ഡിസൈൻ, ഇന്റഗ്രേറ്റഡ് ലൈഫ്സ്റ്റൈൽ പ്രോഡക്ട് ഡിസൈൻ തുടങ്ങിയ പി.ജി. ഡിപ്ലോമ കോഴ്സുകൾ നിലവിൽ നടന്നു വരുന്നു.

(ബി) ഇതിനായി 'കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്'-ന്റെ കോഴ്സുകൾക്ക് അഫിലിയേഷൻ നൽകാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നാഷണൽ സ്കിൽ ഡെവലപ്മെൻറ് കോർപ്പറേഷൻ (NSDC)-ന്റെ അഫിലിയേറ്റഡ് പാർട്ട്ണർ ആയ KASE, (കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്) സ്വകാര്യ പങ്കാളികളുമായി ചേർന്നു നടത്തുന്ന കോഴ്സുകൾക്ക് NSQF അലൈൻമെന്റ് (നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക്) ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

(സി) ഈ രംഗത്തെ വികസനത്തിന് കേന്ദ്ര സഹായം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

(സി) ഉണ്ട്. KASE നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾക്കായി കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു.

Bindu

സെക്ഷൻ ഓഫീസർ